പുരാണചന്ദ്രിക

കെ. എം. കുഞ്ഞുലക്ഷ്മികെട്ടിലമ്മ.

B. V. Book Depot,

TRIVANDRUM.

1926.

പുരാണചന്ദ്രിക

ഗ്രന്ഥകർത്രി

കെ. എം. കുഞ്ഞുലക്ഷ്മികെട്ടിലമ്മ.



പ്രകാശകൻ

കുളക്കുന്നത്തു രാമമേനോൻ

കമലാലയപ്രസ്സ്,

തിരുവനന്തപുരം.

൧൧൦൧



വില [illegible]



തിരുവനന്തപുരം

ബി. വി. ബുക്കുഡിപ്പോ പ്രവൎത്തകന്മാൎക്കുവേണ്ടി

"കമലാലയ" പ്രസ്സിൽ

അച്ചടിച്ചു

ഒന്നാംപതിപ്പു കാപ്പി ൧൦൦

പുരാണചന്ദ്രിക

മഹദ്ദർശനഫലം

ഒന്നാംഭാഗം.

(കേക)

ശ്രുതിനായകൻ, നിത്യൻ, നിഷ്കളൻ, നാരായണ-
നഖിലജഗദാരാധിതപാദപങ്കജൻ,
പള്ളികൊള്ളുവതെന്നുമാഴിയിലാണെ-
ന്നുള്ളിലുള്ളഹംകൃതി തള്ളിവന്നീടുംപോലെ,
തുള്ളലച്ചുരമ്പിയും, തത്തിയും, ഉലമ്പിയു-
മദ്ദളഘോഷം, ദുഗ്ധസാഗരം വിളങ്ങുന്നു;
ശ്രീവത്സസ്ഥിതംപോലെ പാണ്ഡുരപ്രസന്നമായ്
പീവരം, മണൽപ്പുറം, പാവനം, പ്രശോഭിപ്പൂ;
ആഗമപ്പൊരുളായ ദേവനെസ്സേവിക്കുവാ-
നാഗതരാകും നാനാ താപസജനത്തിനെ
ധാവള്യം വിളയുന്ന പാൽനുരപ്പകിട്ടിനാൽ
കേവലം കറയറ്റ കോമളസ്മേരം തൂകി,
ഭംഗസംഗമോദിതതുംഗനിസ്വനച്ഛലാൽ
ഭംഗമറ്റന്നാദരം മംഗളഗീതംപാടി,
ഉച്ചലത്തരംഗങ്ങളാകുമക്കരങ്ങളാ-
ലത്യുന്നതപ്രമോദേന സൽക്കരിച്ചതിരേൽക്കും
ക്ഷീരവാരിധി കണ്ടു, കോൾമയിർക്കൊണ്ടും, ചിദാ-
കാരനാം ഭഗവാനെ സ്തുതിച്ചാൻ ശ്രീനാരദൻ:—
"ശ്രീപതേ! ചിദാകൃതേ! ദൈവമേ! ചതുർവേദ-
ദീപമേ! ജഗൽപ്രഭോ! പാലയ കൃപാലയ!
താരകാരാതിമുഖാമരവ്രജം വിരയുന്ന
താരകബ്രഹ്മാത്മക! സംസാരതാരക!

ഭാർഗ്ഗവീകരളിതപൂർജ്ജിതസ്മരശരം,
ഭാഗ്യവാന്മാരിൽപ്പരിപൂർണ്ണകാരുണ്യാവൃതം,
മുക്താഫലാമലങ്ങളിൽ തിളപ്പാരി, ബുധാവലി-
ക്കാശ്രയമാം ദിവ്യൗഷധ,മിദ്ദേശം വിഹരിക്കം
നിൻകരികടകങ്ങളൊന്നാണെങ്കിലും ഫലഭാഗിച്ചു
സങ്കടമറ്റുതാലും, പത്മസംഭവാത്മജ!
തത്തപോധികളുടെ ഹിതപീഠത്തിന്മേലും,
ഉത്തമഗോപാംഗനാവാർകുചതടത്തിലും,
ധന്യനാം മഹാബലിതന്റെ ശീർഷത്തിലും
ഭിന്നമത്ഭുതപ്പാദമൊന്നാപാദം മലഘ്നതം;
മായയാം വലവീശിപ്പാതകാശയരെക്കൊ-
ണ്ടായതും കളിപ്പിക്കമായതവിലോചന!
ശ്രീധര! പുരന്ദരസോദര! ധരാധര!
മേദുരകൃപാകര! പുരുഷോത്തമ! പോററി!"
ഇത്തരം സ്തുതിചെയ്തുകൊണ്ടാൻ, ശ്രീനാരദ-
നത്തരമോദരം ഹരിസ്സുഖമുള്ളരിക്കവേ,
നേത്രഗോചരനായ ഭഗവാൻ വിശ്വപാല-
നാത്തകൗതുകമാശീർവദിച്ചു, ചോദിച്ചിതു:—
"വല്ലകീധര! ഭവാൻ പോരുവാൻ വിശേഷിച്ചു
വല്ല കാരണമുണ്ടോ? ചൊല്ലുക, തപോനിധേ!"
ഇത്ഥം വാത്സല്യത്താൽ മൊഴിയും വിളയോട-
പ്പൊഴുതാ ബ്രഹ്മാത്മജൻ തൊഴുകയ്യുമായ് ചൊന്നാൻ:—
"കർമ്മകാണ്ഡത്തിലുള്ള രഹസ്യായം, മഹാലോക-
ധർമ്മസാധകം മമ സംശയഗ്രസ്തം, നാഥ!
വിശ്രുതപുണ്യത്തിന്നു രാജവീഥിയാം മഹാ-
ദ്ദർശനമെന്നല്ലയോ ശാസ്ത്രമുൽഘോഷിക്കുന്നു?
എന്നാലെ, താന്താൻ ചെയ്യും പാപപുണ്യങ്ങളൊന്നു
തന്നെയാണല്ലോ തനിക്കാർത്തിയും, സുഖാപ്തിയും,
സാധുസന്ദർശനത്താൽ കന്മഷമകലുന്ന-
തെങ്ങനെയാവഴിക്കാവാം,ഈവിധം വിചാരിച്ചാൽ?
ദോഷതാപമെന്നാകിലും സംശയം തീരുന്നതു
ശ്രേഷ്ഠന്മാരിൽനിന്നാണെങ്കിലേ ഫലമുള്ളൂ;

കുപ്പയും കനകവുമൊന്നുപോൽ ധനഞ്ജയ-
നാകപ്പെട്ടാൽപ്പരിപൂതമെന്നുമായ്ത്തന്നില്ലേ?"
സരസീരുഹേക്ഷണൻ ചിരിച്ചു മുനീന്ദ്രനോ-
ടരുളീടിനാൻ:—"അതു സന്ദേഹം, സോദര;
അത്രനിന്നൊരുകാതം ദൂരത്തു ചെന്നാലുണ്ടാം
ഉത്തരപ്രദേശത്തിലശ്വത്ഥമരമേകം;
പച്ചിലകൊണ്ടു മൂടിച്ചുറ്റുമേ തഴച്ചുമ-
ത്യുച്ചമാംശാഖാളിയാലഭ്രാഗ്രാലംബമായ്
വൃക്ഷരാജമങ്ങൊന്നാ, മക്ഷിതീരുഹം, രണ്ടു-
പക്ഷമില്ലവനിക്ക വൻകാറുകളെപ്പോലെ,
ആടലേറ്റിരിക്കവാനാലയമില്ലാ,തതിൻ-
ചോടെയങ്ങൊരു ചെറുകീടമുണ്ടിഴയുന്നു;
ജീവിതമനേകനാളവഹിച്ചിതിനാലാ-
ജ്ജീവിയിൽപ്പുണ്യാവശം ലേശവുമില്ലെന്നില്ല;
കാണിയും വൈകാതെ ചെന്നതിനോടനകയ
കാണിച്ചു കൊണ്ടാടി,നിസ്സാരാശയം ചോദിച്ചാലും;"
"ശരി"യെന്നരുളിച്ചേർത്തിറ്റു വണങ്ങിയു-
ത്തരദേശത്തെ നോക്കി നടന്നു വിധിസുതൻ;
കിട്ടിയതശിപ്പാനായ്ത്തുണിയാ,റനവധി
പട്ടിണികിടക്കയാൽ പുഷ്ടിയും കുറവായി,
സന്തതവേ വാർദ്ധക്യത്താൽ വിവശപ്പെട്ടും മെയ്യിൽ-
പ്പലികാവലിപോലം പതിഞ്ഞുറിഞ്ഞുമേ,
വിണ്ണമാലിയും, മലമിഴയും നേരത്തോന്നാ-
യണയും പിപീലികാഭയവും സഹിച്ചുമേ,
ജീവിതമേവമന്തത്തിനായധമമന്യ മഹാ-
പാപി മാപ്രകൃതിയാം തളരിയ വൈതൽപോലെ,
താപമാർന്നഴന്നീടും പുഴുവാണതു — ശാന്തം
പാപിഷ്ഠമിതിനെ താപസൻ പാർത്താനപ്പോൾ;
തൽക്ഷണം ഭീതിപ്പെട്ടു കൃമി! തന്റിഴിക്ക ദു-
ർല്ലക്ഷണമെന്ന മുനിപുംഗവൻ നിരൂപിച്ചാൻ,
കണ്ഠരാവവും പൂണ്ടു മെയ്ക്കിടപ്പോടുടനെ ചെവ-
കണ്ടുനോരേറിയിച്ചാൻ കണ്ണിളു മുഴുവനം;—

"ഇന്ദിരാവര! രമാരമണ! ജനാർദ്ദന!
നിന്നുടെ നിയോഗത്താൽ പ്രാണവേദന കണ്ടേൻ,
സംശയാപഹാരാർത്ഥം പോയതു വിശേഷിച്ചു
സംശയപ്രതിഷ്ഠക്കു ഹേതുവായതെന്നേ വേണ്ടൂ;
ചോദ്യമോ, ചോദിക്കുവാനായീല, നിരീക്ഷിക്കെ
നിർദ്ദയം മൃത്യു കഷ്ടം! കൃമിയെത്തീണ്ടീടിനാൻ."
ചിന്മയനരുൾചെയ്തു:—മരണം പ്രകൃതിതൻ-
ധർമ്മമാണതു തടുത്തീടുവാനെളുതാമോ?
ദുഃഖമെന്തിനു? സാധോ! സംശയനിവൃത്തിക്ക
തക്കതാം മാർഗ്ഗം മറ്റൊന്നുപദേശിച്ചീടുന്നേൻ:—
ദക്ഷിണാശയിൽ"കന്യാകുബ്ജ"മാമടവിയിൽ,
പക്ഷിവർഗ്ഗാന്തരസ്ഥമായ് ലക്ഷ്യമാമൊരു പികം
കാണിയും വൈകാതെ ചെന്നതിനോടനഘ
കാണിച്ചു കൈകൂപ്പി നിൻസംശയം ചോദിച്ചാലും."

—o—

മഹദ്ദർശനഫലം

രണ്ടാംഭാഗം.

(കളകാഞ്ചി)

സലിലനിധിശയനനുടെ സമ്മുഗ്ദ്ധഭാഷിതം
സാദരം കേട്ടു തിരിച്ചു മുനീശ്വരൻ,
പെരിയ വഴി പലതുമഥ പരിചൊടു കടന്നുപോയ്
പേർകൊണ്ടൊരാരണ്യവനമെത്തിനാൻ പുണ്യവാൻ;
വികചതരവിവിധതരു സുമലതാവലി-
വ്യാമിശ്ര വല്ലികൾ പൂത്തുനിറഞ്ഞിയും,
തരുതതികൾ ഫലഭാരമൊടു പരാഗമനസ്ഥലാൽ
താഴ്ത്തി, പ്രണതശിരസ്സാൽ വണങ്ങിയും,
കുതുകമൊടു ചെറുകിളികൾ കളകളാരവം
കേട്ടീടുന്ന രീതിയിൽ സ്വാഗതം പാടിയും.
ഋഷിജനമനോവിധിരീതിഗമനശുദ്ധിയോടം
മോക്ഷതീരം ദർശിപ്പിച്ചീടിനാൻ;
കരടി, പുലി, കടുവ, കരി, കിടിപടലി, ക്രൂരമാം

കണ്ഠീരവങ്ങളും, ഘോരമൃഗങ്ങളും,
കണക്കുകളുടെ കറിയിലൊരു കറവുകലരാതെ ഒകെ-
കൊന്നു ഭുജിക്കുന്ന കാട്ടാളജാതിയും,
ഭൂതനിരകളുടെ സ്വൈരവൃത്തമൃഗനാദവും,
ഒ ദൈവമേ! പറഞ്ഞാൽ, ഭയാനകം! കാനനം;
അതിനിടയിലുകമഴിയുമരികളുകാവഹ-
മാകുന്ന ഗർജ്ജനം കേട്ടാന്ദ്രഷിപരൻ;
പ്രകൃതിയുടെ മൃദുലമധുമധുരമൊഴിരവം
പാടുന്ന, നല്ലൊരു കോകിലം, പഞ്ചമം,
ശ്രുതിമിഴികളതിന്നടയവസതികറിവൊള്ളമെ
ശീഘ്രമോടെന്തിരഞ്ഞു യതിവരൻ,
ഒട്ടുവിലലാത വിടപിയുടെ മുകളിലതിരമ്യകൊ-
ണ്ടൊരുപെട്ടുന്നതു കാണമാറായിതു;
സുകൃതനിധി, മുനിമണിയെ വീക്ഷിച്ചവാറഹോ!
സാധുവാം പക്ഷി വെടിഞ്ഞിതു ജീവനം!!
“ഉചിതമിതു! ഉചിതഫല! മിതകറിയുമിവിധം
ദൈവം കാത്തിടുമാം—എന്തൊരത്യുത്തമം!”
ഇതിമനസിവിധിതനായുനോക്കയാൽ പിന്നെയു-
മിന്ദിരാനാഥനെക്കണ്ടെത്തിടിനാൻ:—
“പുരമഥനമുഖവിനുതചരണ! കരുണാംബുധേ!
പൂർണ്ണഗുണീതനോ! പാഹിമാം, പാഹിമാം;
കലുഷഹരചരിത! തവ ചെടിയമഹിമാതൻ-
കൺകെട്ടുവിദ്യാവിലാസം കറയുന്നോ;
നിയതമടിപണിയുമൊതരാസനാകരവലം
നട്ടംതിരിക്കുന്നതേതിതേ? നീ, വിഭോ!
ഫണിശയന! മമ നയനസരണിയിലിളകയിൽ
പെട്ടുനേരം ഭ്രമിപ്പെട്ടുപോയ്! ശ്രീപതേ!
ഇനിയുമതമണിവന്നിവിധം കാണുകിൽ
ഇന്നൊളുമർജ്ജിച്ച പുണ്യമറ്റീടുമേ!”
വിമലമൊഴി, മുരമഥനനതിഹിതകൃപാന്വിതം
വീണ്ടുമന്നോം മുനിയോടു ചൊല്ലിനാൻ:—
“മതി,മനസി കരുണയി! പുതിയൊരനുഭവം
മംഗളാത്മാവേ! പരിശ്രമിച്ചീടണം;
ഉരപൊങ്ങുകമേവരിയകാര്യങ്ങളിൽജ്ജയം

ഉണ്ടാകുമോ ആളും പ്രയത്നിച്ചീടും, ദൃഢം;
സ്വപുരിയെയെതിർത്തെപ്രായമുളവിരുള സുഖാസ്പദം,
സിന്ധുരാജ്യം പ്രശോഭിക്കുക സാമ്പ്രതം,
ഭൂപതിയുടെ മഹിത, ബൃഹത്സുകൃതപരിപാകമായ്
നിർമ്മലേയിനി, ഗർഭിണിയായങ്ങനെ,
പെരുമമലസമയമവളുതാനമ്പു ചിപ്പൂണ്ടിട്ടും
പൂത്തിങ്കളെക്കാൾത്തിളങ്ങും കിടാവിനെ;
തൊട്ടരവനില്ല, യതിനുമുമ്പേ ഭവാൻ ചെന്നു
തങ്കത്തളികയിലാക്കിക്കിടത്തണം;

അത്ഭുതമഹിമവനിതമൃതരം കേട്ടാലും
ആശ്ചര്യമങ്ങേറ്റമുണ്ടാം, മഹാമതേ!"
അഖിലജഗദധിപന്റെ വചനസുധ സാദരം—
മാസ്വദിച്ചങ്ങു ഗമിച്ചു തപോധനൻ;
കളനടനമുടയമലർമതിളുടെ പൊന്മയ-
ക്കാൽച്ചിലമ്പൊച്ചകളന്യം ശ്രവിപ്പതായ്,
വിമലവിധുവിധുതയുമൊഴിയുമഴകാന്തിടും
വെൺപുകൾപ്പുന്നാടുമെല്ലാം വിരിച്ചതായ്,
നലമൊടവരവരുടെ കർമ്മങ്ങൾ ശിക്ഷിച്ചു
നാലുജാതികളിലുമില്ല വരാത്തതായ്,
പ്രജകളുടെ പരമസുഖഭാവി പരിപൂർത്തിയായ്
പാരിച്ചസിന്ധുഭൂദേശത്തിലെത്തിയം.
ശക്തികൾ കലരുകമണി, മനുജപതി ദർശനം
യാചിച്ചു പൂകിനാൻ രാജധാനീകം.

വിപുലമതി നൃപതി പരമാദരിച്ചേറ്റവും
വന്ദിച്ചു, വീരസിംഹാസനം നൽകിനാൻ.
വിനയമൊടു കഴൽ പണിയുമവനോടു ചൊല്ലവേ
വന്ന കാര്യം മുനി വിസ്തരിച്ചീടിനാൻ;
അന്നുമതിയുമതിനാകളി, മാനവേന്ദ്രൻ മുനി-
ക്കാവശ്യമുള്ളതെല്ലാമൊരുക്കിനാൻ;
പികമധുരമൊഴികളണിമാലയാം രാജ്ഞിക്ക
പത്തുമാസമെല്ലാമൊത്തു തികഞ്ഞിതു;
സുമതിയവളതിമഹിമയൊഴുമോമൽസുതനെ നല്ലൊരു-
സ്വർണ്ണത്തളികയിൽപ്പെറ്റു യഥോചിതം;

കൊണ്ടിമുഴകി, നിയമിയമ്മ സരസമെടുത്തു, തൻ-
കാമാനുകൂലമിത്തി നിഗ്രഹമായ്;
നരജനനമഹിമയിഹ മുഴുവനറിഞ്ഞവനായ്
നിഷ്കളങ്കസ്മിതം തൂകും കിടാവിനെ
പ്രണയമൊടു പലവുരു പുണർന്നുകൊ,ണ്ടമ്മയാ-
മോദമീവണ്ണം വഹിച്ചു വദിച്ചാൾ:—
"കലിതമലമൊട്ടുവിഷയബാധയേൽക്കാത്ത വെൺ-
കണ്ണാടിപോലുള്ള കരളെഴും ശിശോ!
ഉലകുകളെ മുഴുവനും നിലയിലവലോകിക്ക-
മുൽക്കൃഷ്ണയോഗീന്ദ്രമൊട്ടൊക്കും കുമാരക!
സരസിരുഹനിലയനുടെ സകലകരകൗശലം
സാക്ഷ്യപ്പെടുത്തുന്ന സൗന്ദര്യവാരിധേ!
മേലും തവ ഭാവികളേ! മുനിവാടികതൻ-
ഭാഗ്യമടയ്ക്കും ചെപ്പവാനിലേ! ചെപ്പിലെ!
സമയമായി! പറക മമ സാധകാരം മഹത്-
സംസർഗ്ഗത്താലുളവായിടും ഫലം."
ബുദ്ധിമതിയൊടിളനളിനകരയുഗളിപ്പിച്ചും
ബാലപ്രേമമുറച്ചു കിശോരകൻ:—
"ജനിമരണമേദരഹിത! ജയ ജയ മഹാമുനേ!
ജന്മം കൃതാർത്ഥമായ്ത്തീർന്നമേ നിർണ്ണയം.
കൃതസുകൃത! പരമപദതത്ത്വജ്ഞശിഖാമണേ.!
കാരുണ്യശാലിൻ! പ്രസീദ, പ്രസീദ,മേ!
തവവദനകമലമധുരമൊഴിതന്നെ ഭക്ഷിച്ചു
തൽക്ഷണം തുഷ്ടികൈക്കൊണ്ടുമെ ഞാനിനേൻ;
ഉതപാവകയറി,യഥ പികജനനമാർന്നാലും
മാക്കാതെ വീണ്ടും തവാനനം കാൺകയാൽ
പതഗതതി പരിചിനൊടു കൈവെടിഞ്ഞിനിയോ
പാർത്ഥിവേന്ദ്രാത്മജനായിപ്പിറന്നൊരാൻ;
സദ്ഗുണഗണസദന! വെളിക്കണമിപ്പൊഴും
സാധിക്കയാ,ലറവു സംസാരബോധനം,
ദ്രുഹിണസുത! മമ ചരിതമൊന്നു ബോധമഹ-
ദ്ധ്രുതത്തിൻഫലമൊന്നുവെളിപ്പെടുവാൻ."

ധൃതജലഘനാളിയിൽനിന്നു മിന്നൽ പോലെയും,
ധൂമത്തിൽനിന്നു ധനഞ്ജയൻ പോലെയും,
ദ്യുമണിരുചി തിരളുമൊരു തേജസ്സു ബാലന്റെ
ദേഹത്തിൽ നിന്നുടൻ മേല്പോട്ടു പൊങ്ങിനാൻ
“ഭുജഗശയന! പര! വര! നിഗമാകൃതേ!
മാദ്ധ്വീശാത്മജ! ജഗല്പതേ! പാഹിമാം;
ഭവസലിലനിധി നടുവിലുഴലുമിവനെ ക്ഷണം
ഭക്തചിന്താമണേ! കാത്തുകൊള്ളേണമേ;
മുറയൊടിഹ തിരുചരണമോൎക്കുന്നതിന്നു നിൻ-
മായയാലുള്ള മോഹമാററേണമേ!”
സ്തുതിമൊഴികളിവ പലതുമരുളിയതിഭക്തനായ്
സംശയം തീൎന്നു മറഞ്ഞു മുനീശ്വരൻ.

—— (൭) ——



ശ്രീരാമനീതി

അഥവാ,

ഒരു ശാപമോക്ഷം.

———

ജനപാലപദം ലഘൂകരിച്ചും,
ജനകാഭീപ്സിതമാചരിക്കയാലെ,
അനവദ്യയശസ്സിരട്ടിയാക്കി
ദിനനാഥാന്വയമൌലി, രാമചന്ദ്രൻ. ൧

ഖരരാവണമുഖ്യഹിംസ ചെയ്തും;
ധരണീനന്ദിനിയാളെ വീണ്ടെടുത്തു;
വരഭൃത്യരൊടൊത്തയോദ്ധ്യയിങ്കൽ-
പ്പുരമെത്തിമരുവീടിനാനി പൂൎണ്ണമോദം. ൨

സ്ഫുരദുത്തമസൽഗുണൌഘവാസൻ,
ഭരതൻ, പൂൎവ്വജപാദുകായുഗത്തെ
തരസാ രഘുപുംഗവന്റെ പൊൽപ്പൂ-
ഞ്ചരണത്തിൽത്തൊഴുതാനമിച്ചു വെച്ചു. ൩

പല ദിവ്യജനം പുകഴ്ത്തിടുന്നോ-
രഘുശ്രീമയമാം മഹാസദസ്സിൽ,
ബലശാലിനൃപാലപീഠമേറി-
ത്തലയിൽപ്പൂതകിരീടവും ധരിച്ചു. 4

കുലധർമ്മവഴിക്കു നീതിനിഷ്ഠാ-
നിലയിൽത്തന്നെ കാത്തുപോന്ന വൃത്തം,
ഉലകാഴിയിലൊന്നു മുങ്ങിയാലും,
വിലപോയിട്ടു നിലച്ചു ലാലസിക്കും. 5

ശ്രുതിബോധവിശുദ്ധി, തത്ത്വചിന്താ-
രതി, സത്യപ്രതിപത്തി, ധാർമ്മികത്വം,
ഇതി സദ്ഗുണമാർന്ന കോസലത്തെ
ക്ഷിതിവാണോർ നിരയന്നനുഗ്രഹിച്ചു. 6

അരിയോരന്തകബാധിനരോട-
ന്നരിശപ്പെടുവാനതിലില്ലതെല്ലും;
പെരികെപ്പുകളാണ്ട പാരിടത്തിൽ-
പ്പുരിയിൽ ക്ഷത്രിയധർമ്മമുല്ലസിച്ചു. 7

കളവില്ല, കടപ്പമില്ല, നാട്ടാ-
ർക്കളവും തൂക്കവുമെങ്ങുമൊപ്പമായി;
കളനീക്കിയ നൽക്കൃഷിക്കു തുല്യം
വിളയേറ്റുന്നിതു വൈശ്യവൃത്തിയെങ്ങും. 8

മറവറ്റു മഹാജനൈകവർഗ്ഗം
മറയോരെപ്പരിചര്യ ചെയ്തുനിത്യം,
മുറപോലെ മനസ്സുഖാപ്തമാമ-
ന്നുറ പാലിച്ചു സുഖിച്ചു ശൂദ്രവർഗ്ഗം. 9

അതിവർഷ,മകാലവർഷമെന്നീ-
ഗതിയാണിന്ന കൃഷീവലർക്കനർത്ഥം;
പതിവായ്പ്പൊഴിയുന്ന കാലവർഷാ-
ന്നതിയാൽക്കർഷകരും കൃതാർത്ഥരായി. 10

അനഘാഭരണങ്ങളന്ന പുത്തൻ-
കനകപ്പൂണുകളിൽ പതിച്ചിടുന്നപോലെ,
ഘനമുള്ള പഴുത്ത നെൽക്കതിർക്കോ-
പ്പുണവല്ലപ്രകൃതിക്കു ചന്തമേറി. ൧൧

കളസുന്ദര,മിന്ദിരാപദപ്പൊൻ-
ത്തളകൾക്കുള്ള ശ്രുതിപ്രണാദഘോഷം
വളരുന്നു പരം, ധനാധിപന്മാ-
രുളമാടൽപ്പെടുമാറു വീടുതോറും. ൧൨

കരളാം കപിയെപ്പിടിച്ചടക്കി-
പ്പരമാത്മം തിരയും തപോധനന്മാർ
ചിരബോധിതശത്രുശല്യമില്ലാ-
തുരപോലും നിയമം നടത്തിടുന്നു. ൧൩

ഖലചേഷ്ടിതമൊക്കെയൊഴിഞ്ഞു, സമ്പ-
ത്സുലപുണ്യാക്കലിച്ചു സ്വാധികാരം;
വലജിന്നഗരപ്രശസ്തിയെ ക്കൂ-
വലയഞ്ചന്മനസമൃദ്ധി താഴ്ത്തിവെച്ചു. ൧൪

തിരുനന്ദിനിയെത്തനിക്കു വേൾപ്പാൻ
തിരമുൾക്കൊള്ളുകൊടുത്ത നന്ദികൊണ്ടോ,
കരുണാകരനാഴിയെ സ്വഭാഗ്യ-
ക്കരുവാം ജാനകിയെക്കണക്കെപ്പോററി? ൧൫

ശുഭവൃത്തികളാമമാത്യവംശ-
ർക്കു,രന്നീതികലാധുരന്ധരന്മാർ,
സമയിൽപ്പിരിയാതെ സൂര്യകോടി-
പ്രഭനാം രാഘവനെസ്സമാശ്രയിച്ചു. ൧൬

പ്രിയയൊത്തു പുരത്തിലും, തനിക്കും-
പ്രിയമാണഗ്രജനൊത്തരണ്യവാസം,
സ്വയമേവമുദാഹരിച്ചു തേജോ-
മയനാം തമ്പി സമസ്തിലുമജസ്രം. ൧൭

അതിവിക്രമവായ്പുകൊണ്ടു ലങ്കാ-
പതി പുല്ലെന്നകണക്കെ വെച്ച വീരൻ,
ക്ഷിതികന്യകയെത്തുണച്ചു ധന്യൻ,
മതിമാൻ മാരുതി കൈവണങ്ങിനില്പൂ. ൧൮

മഹിപൂജിന മഞ്ജുമാലപോലെ,
മഹിതശ്രീവിളയും പദയായിതപോലെ,
വിഹിതക്രതുനായ് വിളങ്ങി, സീതാ-
സഹിതൻ, സജ്ജനബന്ധു, സാർവ്വഭൗമൻ. ൧൯

പുരിയിൽച്ചിരമാവസിച്ചൊരിക്കൽ-
പ്പരിവാരസമേതനുന്നതപ്രതാപൻ,
പരിപാവനപുഷ്പകത്തിലേറി-
പ്പരിതോഷമൊടു യാത്രയന്നു ചെയ്താൻ. ൨൦

നരവാഹനസത്തമമായ വിമാനോ-
ത്തരമാമംബരയാനമംബരത്തിൽ
തരണിപ്രതിപൂരുഷയന്ന വേഗം;
ശരമൊന്നാഞ്ഞുവലിച്ചയച്ചപോലെ. ൨൧

സുരചാരണരാദരിച്ചു പാടും
പരമാനന്ദമയപ്രസന്നഗീതം
പരപൂരുഷ യാത്രയെപ്പുരസ്ക-
സ്സരസം സർവ്വജഗത്തിലും പരത്തി. ൨൨

മിഥിലാധിപരാക്രമിച്ചു പാറി-
പ്പതിയും പാദുകളസ്തമിച്ചു കണ്ടും,
ക്ഷതിലേശമിയന്നിടാത്ത ധർമ്മാ-
ന്നതി പാർത്തും, കൃതകൃത്യനായി നാഥൻ. ൨൩

വഴിപോലെ വിമാനമൊട്ടു കാതം-
വഴിനിങ്ങാതെ കടന്നുപോയ ശേഷം;
ഒഴിയാതെ പടർന്ന കണ്ണയപ്പാൻ-
കഴിയാതുള്ളൊരു കാനനത്തിലെത്തി. ൨൪

"ശമനം മതി; യീവനത്തിലംഗ-
ശ്രമമകററാനിനി നോക്ക വിശ്രമിക്കാം;"
കമലേക്ഷണനേവമോതിയക്ക-
ക്ഷമയിൽപ്പുഷ്പകമങ്ങിറങ്ങി മന്ദം. ൨൫

ഫലശീതതരുക്കളൊത്തുയർന്നും,
ഖല സത്വങ്ങളും പുളച്ചുകൂത്തടിച്ചും,
വിലസുന്ന മഹാ വനത്തിലൂടപ്പ-
ട്ടുലഘുശ്രീയവർ സഞ്ചരിച്ചു കണ്ടു. ൨൬

അരിമുല്ലിളമാവിനോടൊപ്പമററി-
ന്നരികിൽ കേസരി കേളിയാടിടുന്നു;
പെരിയോരുടെ മുന്നിലേകകൃത്യം
പരിപാലിക്കണമെന്ന ലോകതത്വം. ൨൭

കളകോമളമേചകപ്രകാശ-
ച്ഛലമാമന്തിമമെന്നി കാളയാലി,
ഉളവായ നറുവണ്ണ നെടുവള്ളിതന്നാൽ
കളകണ്ഠാവലി നൃത്തമാടിടുന്നു. ൨൮

നിപതിച്ചു നവ പ്രസൂനമാലാ-
കപടംകൊണ്ടു മുടന്ന ഷഡ്പദാലി,
സുപരിഷ്കൃത സൽഫലങ്ങളാൽ-
ലുപയോഗാർത്ഥമിരുക്കൾ കാഴ്ചവെച്ചും; ൨൯

ഘനശാഖികളൊത്തു വൃന്ദമൊപ്പം
നിനദത്താൽ ജയമംഗളം കഥിച്ചും,
വനദേവി, വിധിക്കു തക്കവണ്ണം
വനമാലിക്കുപചാരമാചരിച്ചു. (യുഗ്മകം) ൩൦

പുതുകൗതുകപൂർവ്വമേവമെല്ലാ-
മതുമാനിച്ചു രസിച്ചു പോന്നിടുമ്പോൾ,
പുരുഷോത്തമനെ സ്തുതിച്ചു പെട്ടെ-
ന്നൊരു വൃദ്ധൻ കഴൽക്കാൽത്തളിരിൽ വീണാൻ. ൩൧

ചിറകിട്ടു നിലത്തടിച്ചു, മാന-
ക്കറ വാർത്തി,ച്ചുടുകണ്ണുനീർ പൊഴിച്ചും,
നിറയുന്ന വിഷാദമോ,ടുഴന്നും,
മുറയിട്ടാ,നവ,നാർത്തനിപ്രകാരം:— ൩൨.

"ഭരതാഗ്രജ! ഭാർഗ്ഗവീശ! വിശ്വം-
ഭര! താപിഞ്ഛകളേബര! പ്രസീദ;
ശരണാഗതവത്സല! പ്രഭോ! ഇ-
ച്ചരണപ്പൊടി മാത്രമാശ്രയം മേ. ൩൩.

അകളങ്കിതസത്യരക്ഷണച്ഛ-
ന്നകതാരിൽത്തടയും തടസ്ഥമെല്ലാം
അകലെക്കളയുന്ന നീതിമാനാം
സകലവ്യാപി ഭവാൻ ജയിക്കമേന്മേൽ! ൩൪

ഫണിമെത്തയിലാർന്ന മൂന്നുലോക-
പ്പണിയെല്ലാം പരചിൽപ്രകാശനാം നീ
ഗുണികൾക്കു ഗുണമേകുവാൻ മനുഷ്യാ-
ഗ്രണിയായുർവ്വിയിൽപ്പിറന്നതല്ലോ. ൩൫

ഹത! ഞാനഹ! പാടുപെട്ടു കാലോ-
ചിതമാം പാർപ്പിടമൊന്നു ഞാൻ ചമച്ചേൻ;
പതഗാധിപനാമുലൂകനേകൻ
ഖല! നിർല്ലജ,മതാക്രമിച്ചിരിപ്പൂ. ൩൬

പറവയ്ക്കു പാർപ്പിടമേകമത്രേ
കരയും, ബാഹുബലം പ്രമാണ,മിത്ഥം
മുറ നിൻ ഭരണപ്രകൽപ്പകത്തിൽ-
ക്കറയല്ലേ? കലി, വാഴ്ചയേറുവതാണോ? ൩൭

മമ വീടവനുള്ളതെ,ന്നലൂകാ-
ധമനോതുന്നു തരിമ്പു നാണമെന്യേ;
സമരത്തിനു ശേഷിയില്ല, സത്യ-
ക്രമമങ്ങുന്നു തിരിച്ചുതന്നിടേണം." ൩൮

കഴുവിൻപിറകെപ്പാഞ്ഞു ചെന്നാ-
ളപ്പൊഴുതാരാമപദാംബുജങ്ങൾ രണ്ടും
തൊഴുതുൽക്കടഭക്തിയിങ്കലുള്ളം
മുഴുകി, ശ്ശൂദ്രനവാമരനാനതി:— ൩൯

“വിജയീഭവ രാമഭദ്ര! ദുഷ്ട-
വ്രജവിദ്ധ്വംസക! വേദവേദ്യമൂർത്തേ!
തവ നീലഘനാഭികമ്രമാം രൂപം
ഭജനം ചെയ്യുകതന്നെ ജന്മലാഭം. ൪൦

ഗതപാതക! പാവനാത്മ! കഷ്ടി-
ന്ധഥിതലോക! പ്രണതാവനാർത്ഥസുകരാത്മൻ!
ചിതമായ്ത്തിരുനാമമുച്ചരിപ്പാൻ
മൃതനായാലുമെനിക്കു തോന്നിടേണം. ൪൧

പഴിവാക്കു പറഞ്ഞ ഖർവ്വഗർവ്വ-
ക്കുഴിയിൽച്ചാടി മനം മറന്നിടുമ്പോഴും
കഴിയാതെ തുറന്നുവെച്ചിടും നിൻ-
മിഴിമൂടാൻ മുതിരുന്നു മൂഢലോകം! ൪൨

കുടിലൻ കഴുകൻ തനിച്ചു കള്ളം
മടിയെക്കവിട്ടു തൊഴിച്ചു, തമ്പുരാനേ!
അടിയൻ സകുടുംബമൊട്ടു പണ്ടേ
കുടിപാർക്കുന്നിടമാണി,താർത്തബന്ധോ!” ൪൩

അതുകേട്ടുരചെയ്തു രഘൂത്തമൻ:—“നിനച്ചാ-
ലിതുപോലേ വെറുവാക്കിയുണ്ടിതിങ്കൽ;
ഇതുസംശയമുണ്ടതിന്നു വേഗം
തരമാറാകണമുത്തരം ഭവാനാൽ. ൪൪

വ്യവഹാരമിതന്നു കൂട നിർമ്മി-
ച്ചവസാനിച്ചൊരു കാലമോർമ്മയുണ്ടോ?
ജവമുത്തരമുച്ചരിച്ചു ഗൃദ്ധ്ര-
പ്രവരൻ:—“ഞാൻ പറയാ,മറിഞ്ഞപോലെ. ൪൫

നരശ്രുതിയിലുതവിച്ചു നാരം തൊ-
ട്ടരചാ! പ്രസ്തുത നിധമെന്നധീനം;
പരന്നില്ലവകാശലേശമേവം
പരമാർത്ഥം; പ്രതി ക്രമണം പറഞ്ഞു:— ൪൬

“പലപലചപലസന്ന്യാജാലമെന്നാ-
ണുലകിൽപ്പൊങ്ങിയ,തന്നതാട്ടമന്നെ,
നലമൊടഖിലമന്നികേതനംതാൻ;
ഫലമാത്താക്കുകയില്ല ചോരവാക്യം—” ൪൭

രമണീയമൃദുസ്മിതാനനൻ,ശ്രു-
രമണൻ, സ്നിഗ്ധഗഭീര,നീ വിധത്തിൽ
ക്രമമൊടവർ ചെയ്ത വാദമൊക്കെ-
ക്കരയിൽ കേട്ടു വിധിച്ചു, സത്യസന്ധൻ:— ൪൮

“വെറുതേ വലയേണ്ട ഗൃധ്നരേ! കേമം
ചെറുതും വാസ്തവമില്ല നിന്റെ വാക്കിൽ;
നറുതേൻമൊഴി കൈതവസ്വഭാവം
ചെറുതെന്നുള്ളതു നീ വെളിപ്പെടുത്തി. ൪൯

ധരണീതലഫലശാലസംഭവാന്ന-
ന്തരമേ പത്രഫലക്ക് നീതമുള്ളൂ;
ദുരഹംകൃതിമൂലമന്യഗേഹം
ഹരണം ചെയ്തിടുവോനതീവ ഗർഹ്യൻ.” ൫൦

പരാധികാരമായിടും തൊഴിലെടുത്ത പക്ഷീന്ദ്രനെ-
ക്കരാളകരവാളെടുത്തുലച്ചു വീഴ്ത്തിടുവാൻ,
വിരാഡ്പ്പൃതക്ഷണോങ്ങിടുന്നളവിലാളു കേട്ടീടിനാൻ
നിരാമയവിയച്ചരസ്സുഖില വിസ്മയാനന്ദമം:— ൫൧

“അതതതല്ലൂ, മഹാത്മൻ! ബന്ധനം ദീനനായു-
ള്ളൊരു കഴുകനിവൻ പണ്ടെരുമയോ സത്യവ്രതൻ;
നിജപമന്നനവാനായ് ബ്രഹ്മമെന്താദൃശനായു-
ള്ളൊരു നൃപതി പിറന്നാൻ, പണ്ടുപാരം പ്രശസ്തൻ.൫൨

അന്നാളിൽക്രുഷ്ടനായുമുള്ളൊരു മുനി, നൃപതി-
  ശ്രേഷ്ഠനെക്കാണ്മാനായ്-
ച്ചെന്നാൻ; നമിച്ചു ധാത്രീപതി യതിവരനെ-
  പ്പൂജചെയ്തും മരായാം,
തന്നാതിഥ്യത്തിലുണ്ടായ് ചെറുപിഴ; കുപിത-
  സ്വാന്തനായ് താപസേന്ദ്രൻ
ചൊന്നാനത്യുഗ്രശാപപ്രവചനം; മതിനാൽ
  ശ്ലഥനീ ഗൃഷ്ടമായാൻ. ൩൩.

കാകുൽസ്ഥ! ശ്രീപതേ! നിൻപദയുഗളമവലോ-
  കിച്ചു മജ്ജന്മമെല്ലാ-
നാകന്തു വൻതപം ചെയ്തിവനിവിടെ വസി-
  ക്കുന്നു, താനന്ദമൂർത്തേ!
വൈകുണ്ഠാസക്തചിത്തങ്ങളൊടു ചിരമവനീ-
  പാലനം ചെയ്തു വാഴ്‌ക-
നാകംമേട്ടിൽ കൊടുത്തീടണമിവനു കൃപാ-
  ലോകനാം ലോകബന്ധോ!" ൩൪

ശ്രീരാമഭദ്ര,നശരീരിവചസ്സിനാലു,മ-
ന്താരാകിയക്കഴുകനെത്തഴുകി പ്രമോദാൽ;
പാരാതെ സുന്ദരസുരോചിതവേഷമാർന്നു,
നാരായണസ്മരണയാർന്നു തിരിച്ചു ധന്യൻ. ൩൫

സ്ഫാരാത്ഭുതാകലിതവൃത്തമിതൊക്കെയും ക-
ണ്ടാരാൽ സ്തുതിച്ചു മതവീടിന കൌശികന്നും,
മന്ദരായതനഗ്രഹമണച്ചു രഘൂദ്വഹൻ, ഭ്രൂ-
മാരാപഹൻ സപരിവാരമയോദ്ധ്യ പുക്കാൻ. ൩൬

—— o ——

ഫൽഗുനാശ്രമം.

ഭീമപ്പടക്കളരിയിൽക്കുരുവീരരെത്താൻ-
കാമപ്പടിക്ക വിജയിച്ചു കൃതാർത്ഥനായും,
ശ്രീമന്നൃപാലപദമുന്നത കൈവരുത്തി-
ക്ഷേമത്തിലങ്ങിനെ രസിച്ചു വസിച്ചു പാർത്ഥൻ. ൧

ധർമ്മിഷ്ഠ വീശിയൊരു ഗുരുക്കര,മർത്ഥവത്താം-
കർമ്മപ്രകാണ്ഡമുറ വാഴ്ത്തിയ വാഗ്വിലാസം
ഇമ്മട്ടുശേഷ,മതിന്റെ യശപ്പരപ്പിൽ
കൺമഞ്ഞളിച്ചുഴറിമിന്ന,മവൻ മറന്നു! ൨

ഉള്ളാന്ന ബുദ്ധിയു,മധോഗതിയും നിനച്ചു-
ലുള്ളാപ്പരസ്പരവിദ്വേഷമെവരുമാലോം;
കൊള്ളാത്തൊരമ്മമകറിടുവാൻ, കറിക്ക-
കൊള്ളാനൊരുങ്ങു പലവിദ്യകളും മുകുന്ദൻ. ൩

അന്നും ധനഞ്ജയന ധർമ്മമെപ്പൊളുപ്പോരം;
എന്നും മനസ്സിലതുവിട്ടൊഴിയാതെ വീണ്ടും;
മാറുന്ന മാനുഷ്യരതേക്കി,ലെങ്കിലും ക-
ണ്ണേറുന്ന രാത്രിയിലിതപ്പടയെന്നപോലെ. ൪

ശ്രീമാധവൻ വിജയനോടൊരുമിച്ചൊരിക്കൽ
രാമായണംകഥ കരുതലമാർന്നനോക്കി;
ശ്രീമാനിന്ദിരമണനാം രഘുപുംഗവന്റെ-
സീമാവിഹീന മഹിമന്നമറിഞ്ഞു വാഴ്ത്തി. ൫

വില്ലു,ന്നു,വാരം,പ്പരിഷ,മുഷ്ടി,യിവററമകൊണ്ടു
കില്ലററ ഭീമരണമാടിയ കൌണപന്മാർ,
മല്ലുക്ക കാണതി,നടർച്ചുവടിൽമിട്ടക്ക
തെല്ലല്ല കാട്ടിയതു; നോക്കുക യുദ്ധകാണ്ഡം. ൬

വാട്ടംവരാത്തശിരിയന്നിട്ടമിന്ദ്രജിത്താ-
ക്കൂട്ടത്തി,ലെത്തനിലയോർക്കിലു,മഗ്രഗണ്യൻ;
കൊട്ടയ്ക്കകത്തരികളെത്തുകിലും, കരംകൊ-
ണ്ടൊട്ടും പിതാവിനു കെടുത്തില്ല താനൊരാർത്തൻ. ൭

അണ്ണന്നു തക്കതുണ, നിഷ്കളബുദ്ധിമാൻ, മാ-
ർത്താണ്ഡപ്രതാപനിധി, നിസ്തുലധീരചിത്തൻ,
ബന്ധംപെടാതെ, മുറയോറു നകത്തിലയോ,നീ-
വണ്ണംവിളങ്ങുവച്ചു ലക്ഷ്മണ,നൊന്നു സിദ്ധം. ൮

ധീ,മിത്രസേവ, ഗുരുപൂജന,മാഭിജാത്യ-
മീ,മിക്ക സംഗതികളും നിരുപിപ്പതായാൽ,
ഭൂമിക്കമേലധികവിശ്രുത,നിന്ദ്രജിത്താ,
സൌമിത്രിയോടു പൊരുവാൻ പണി തീർച്ചയാക്കം. ൯

ആയോധനത്തിനതിചാപ്പടി വില്ലെടുക്ക-
മാ,യോധവീരരുടെ മുന്നണി മേഘനാദൻ
ന്യായോചിതം വിലസിടുന്നു,വിശങ്ക,മെന്നു
ധീയോലുമുജ്ജ്വലനു കൃഷ്ണനുമോതിരിച്ചു. ൧൦

വില്ലാളിവീരരുടെ പൊന്മുടിയിൽത്തിളങ്ങും
കല്ലായ് രഘൂദ്വഹനെയന്നു കണക്കുകൂട്ടാം;
അല്ലാതെ, ലക്ഷ്മണനു പൂജ്യതയില്ലയെന്നു
വല്ലാത്ത മൂഢത കിരീടി ധരിച്ചുവെച്ചു. ൧൧

"ആണായ ഞാൻ രഘുവരാനുജനെങ്കി,ലന്നു
കാണായിതന്നു, ബത, രാവണിതൻപ്രതാപം!
ബാണാവലിക്കരതൊടിക്കലകേഴുമൊററ-
ത്രാണാക്കിയേൻ! പറപറന്നിട്ടമല്ലനാളെൻ! ൧൨

കൈവെണ്ണണപ്പതിനിന്നു, മുറയ്ക്കിളക്കി-
പ്പൂവം! കളഞ്ഞു പഴക്കപ്പതിനാലുവർഷം!
ഏവനു മുഞ്ഞനമിളുമിളച്ച്! ഒരോ ശരത്താൽ
കൈവന്നിടും വിജയശ്രീയെനിക്കു നൂനം. ൧൩

ഭ്രാന്തിപ്പെട്ടും സ്വകൃതി താമര തമ്പിയെന്ന-
ല്ലാതില്ലവന്നു വലുതാമൊരു വിജ്ഞമൊന്നും;
ജ്യോതിസ്സെഴും ഭവികരം നവരത്നത്തിൽ
ദ്യോതിക്കി,ലെന്തു മുകുരത്തിനു ദീപ്തി വേറെ?" ൫൪

കൊണ്ടാടിടും നിജ മഹത്വമജസ്രമെന്നു
കൊണ്ടാം,വിശിഷ്ടചരിതം നിശമിച്ചശേഷം,
ഉണ്ടായി ഫൽഗുനനിതീദൃശ ബുദ്ധിമോഹം;
പണ്ടാനയെക്കുരുടർ കണ്ടു കുറിച്ചപോലെ. ൫൫

നൈപാതത്തിലപ്രിയസുഹൃത്തൊടു ചേർന്നു വൈകു-
ന്നേരം നടന്നു മുരവൈരി കുറച്ചുദൂരം;
സൌരഭ്യസാന്ദ്രശിശിരാനിലപോതമേറു
സ്വൈരസ്യവാൻ കളുമൊച്ചു തിരിച്ചു മന്ദം. ൫൬

പൊട്ടുന്ന മുന്തിരിയൊത്ത മൃത്തിടബാലനൊത്തു-
പെട്ടു,സ്സുഖമാക്കളൂരൈ പോക്ക തടഞ്ഞു നിന്നി;
തട്ടിട്ടുമിട്ടും പ്രകൃതി പാർക്കി,മൊഴിഞ്ഞുമേറ്റം
മുട്ടല്ല കാണേണ്ടു; കിശോരനു ക്രൂരമുണ്ടോ? ൫൭

“മാറിക്കിടക്ക,ജളു! മുന്നിൽ! ജീവിതത്തിൽ
കൂറില്ലയോ ചെറുതു?”മെന്നരചെയ്തു പാർത്ഥൻ;
കേറിക്കിടന്നു, പുരപ്പുറ്റംസം മുഴുത്ത
പേറി,ച്ചിലച്ചു ചലിച്ചും ചെറു മർക്കടത്താൻ. ൫൮

“എന്തോ വിചിത്ര!മൊരു വാനര,നാസ്ഥയില്ലാ-
തെന്തിനെക്ക് ഹാസ്യമതളീടുമവസ്ഥകൊള്ളാം!
ഇന്നേവരസ്സു;മിതുകേട്ടറിവില്ല; തെല്ലു-
മെന്നെക്കുറിച്ചിവനു കേൾവിയുമില്ലയെന്നോ?” ൫൯

താനെന്താണിയാകമിവനൊന്നു തനിച്ചു നട്ട-
ഭ്രാന്തോ, കരംകളെയ മുന്നുരപ്പുവാനോ?
ശാന്തതാകതിയാലിതന്നു ബുദ്ധി വരാഞ്ഞതാക്കിൽ
ഞാൻ തോന്നിടുംവിധമിതിന്നു ചികിത്സ ചെയ്യാം.” ൬൦

സ്ഫീതപ്രകോപോദ്ധതവാഘനഘോതി കത്തി-
ച്ചേതസ്സിലാളുവതൊതുക്കി,യിതരമൊത്തും;
ചൈതന്യഗർഭിതവചസ്സുകൾ,ഭൂപവംശ-
പോതത്തൊടിങ്ങിനെ വചിച്ചിതു വിശ്വവീരൻ:— ൨൧

“നാട്ടിൽപ്പുരുക്കളുടെ പുഷ്കലകീർത്തി കണ്ട-
കാട്ടിൽക്കിടക്കെയിവനെന്തറിയുന്നു? മൂഢൻ;
തൊട്ടിൽ കളഞ്ഞിടുക ധൃഷ്ടത! ദുഷ്ട! നിന്റെ
പാട്ടിന്ന പോക; മതി നമ്മൊടു നാട്യമെല്ലാം. ൨൨

പിട്ടല്ല, നേർവഴിവെടിഞ്ഞതിയെന്നവെച്ചും-
ചട്ടം നമുക്ക പതിവില്ല, ധരിക്ക പണ്ടേ;
നട്ടംതിരിച്ചിടുകിലാരെയു,മമ്പുകൾക്ക
പെട്ടന്ന തീർന്നിടു,മിതൽപ്പതിരില്ല തെല്ലും. ൨൩

ചാരത്തുനിന്നകലെ മാറുക; നീയൊരൊററ-
ക്രൂരമ്പുകൊണ്ട ശതയോജനദൂരമെത്തും;
വീരക്ക ചേരുമൊരു സന്താപനമല്ലഹോ, നി-
സ്സാരക്ക പാററിയതു, ബന്ധനനീതിമാത്രം! ൨൪

കള്ളാലെ നിൻ തനതൊടുന്നതു നിന്ദ്യ,മെത്ര-
ചെയ്യാതെയൊരായുധമെടുപ്പതിനായ് മറന്നേ!
വല്ലാ രണത്തിനുളകൊണ്ടിവനിപ്പുറ,മെന്നോ
നിസ്സാരമാസിപ്പതു? വലീമുഖ! ഭീരു നീ താൻ!” ൨൫

തൻമിത്രമാം മനുജവർഗ്ഗ,മരക്കരങ്ങും,
തമ്മിൽ ശഠിക്കുമതുകേട്ടുരവാക്കപോലും,
ധർമ്മിഷ്ഠനായ ഭഗവാനതുരാതെ, കണ്ണു-
ചിമ്മിച്ചിരിച്ചു രസമോടരികത്തു നിൽപ്പൂ. ൨൬

വാലാട്ടി,വാനരനുരച്ചു കിരീടിയോടായ്:—
“പാലാഴിവീചിയൊടെതിർപ്പുകളേന്തിടും നീ,
ബാലാനുകൂലചപലപ്രകൃതം പൊറുക്കാ-
ന്നീലാക്കിലിങ്ങിനെ കയർപ്പതു, കഷ്ടതാപം! ൨൭

ആവശ്യമില്ല കപിമേനി തകർപ്പാൻ ഗാ-
ണ്ഡീവം കലർന്നൊരു ദിവ്യകരത്തിനേതും
വൈവശ്യമെന്തിനി? ഭവാനൊരു വില്ലുമമ്പു-
മീവട്ട,മങ്ങു തരുവാൻ മതിയായിടും ഞാൻ. ൨൮

വമ്പില്ല, തെക്കുവശമുള്ള മരത്തിലുണ്ടാ-
ക്കൊമ്പിന്നിടയ്ക്കൊരു തുരുമ്പുപിടിച്ച ചാപം;
അമ്പില്ല വേണ്ടവക,യെങ്കിലുമൊന്നു കാണാ-
മമ്പിൽ ഗ്രഹിച്ചു, ശപഥം നിറവേറിയാലും." ൨൯

ചാടിക്കരേറി, പുരുഷാഗ്രണി ശാഖിയിന്മേൽ
തേടിത്തിരഞ്ഞു കൊടുതായൊരു വില്ലു കണ്ടു
കേടില്ല, കാലഗതി മന്ദമായിട്ടു ലോകം
പേടിച്ചുപോമതിനെയൊന്നരനോക്കു കണ്ടാൽ. ൩൦

മാനം നടിച്ചു നരമൗലി വലത്തുകയ്യാൽ
സ്ഥാനത്തുനിന്നതിനെ നീക്കിടുവാൻ മുതിർന്നു;
ജ്ഞാനം ഫലം! പഴയതാമിരുകൈകൾകൊണ്ടും
താനങ്ങു ചെയ്ത തൊഴിലാസകലം, വിചിത്രം! ൩൧

കായം വിയർത്തു,നെടുവീർപ്പുകളിട്ടു, രക്ത-
പ്രായം കലങ്ങി മുഖ,മശ്രു പൊടിഞ്ഞു കണ്ണിൽ,
ആ,യത്നശീലനൊരു പാവ കണ,ക്കിതെല്ലാ-
മായപ്പകിട്ട,ഹഹ!യെന്തു മിഴിച്ചുനിന്നു! ൩൨

"കീശക്കിടാവിനൊടു വാശി പിടി,ച്ചൊടുക്കം
മോശത്തിലായി! പരിഹാസികരാരിവറ്റും!
പ്രാഗത്ഭ്യപൂർണ്ണ പുരുഹൂതസുതന്നു മാന-
നാശത്തിലും മരണമൊക്കിലതീവ യോഗ്യം. ൩൩

എന്തായിരിക്കുമിതിലെപ്പൊരു,ളാർത്ത-
സന്താനമിത്രമഹോ! മുകുന്ദ! ഹരേ! മുരാരേ!
പിൻതാങ്ങിടേണ്ട തിരുമേനി സമക്ഷഹാസം
ചെന്താമരാക്ഷ കളികൊണ്ടുവരുന്നു കഷ്ടമേവം! ൩൪

മൂർത്തിങ്ങിടുന്ന ഉരഗാകൃതിയായിട്ടും തീ
കത്തി,ത്തളർന്നു, വ്രണകെട്ടു, വലഞ്ഞു പാർത്ഥൻ,
സത്തിപ്രകാരമവനോടു പറഞ്ഞു ചാര-
ത്തെത്തി, പ്രശാന്തമതി മർക്കട,നന്തമോദം:— ൩൬

“നാകാധിപാത്മജ! ധനഞ്ജയ! നിന്നിലുണ്ടാ-
മേകാന്ത ദർപ്പമൊരു മട്ടിലടങ്ങിയില്ലേ?
ലോകാളിമാന്യരറിവുള്ള മഹാത്മരന്നാ-
ളാകാ, മദം ലഘുവു,മെന്നൊരു പാഠമായി. ൩൭

ഘോരാഹവത്തിലയി, നിൻ ജനകന്റെ കൂടി-
പ്പോരാടി ചേർത്ത പുരവിക്രമി, മേഘനാദൻ
പോരാളുമക്കൊടിയ കാർമുകമേറ്റു മുറ്റും
പോരാളിനാ,നറിക ലക്ഷ്മണനോടു മുന്നം. ൩൮

ആ വിശ്വവീരനെ വധിച്ചൊരു കൈത്തലത്താ-
ലാവില്ലു ലക്ഷ്മണനെടുത്തു വലിച്ചൊടിച്ചു;
ആ,വില്ലു,തെന്നിലയിൽ നിന്നണഞ്ഞീക്ഷവാനായ്-
ദ്രവിഡലോകർ, മറിയാമെളുകൊണ്ടു ശേഷം. ൩൯

എന്നാലും മമ തമ്പുരാൻ രഘുവരൻ
തൻതമ്പിയെപ്പററി നീ-
യി,ന്നാഹന്ത! തരിമ്പു നിന്ദ കരളിൽ-
ക്കൈക്കൊണ്ടാകയാ,ലീവിധം
സ്വർന്നാഥാത്മജ! മാനഭംഗമുളവായ്;
സത്തുക്കളെപ്പററി നാം
നിന്ദാലോചന ചെയ്കിലിങ്ങപജയം
തെറ്റാതെ പറ്റും, സഖേ!

സൽഭക്തിമാധവനിലാക്കി കല-
ർന്നാഹാ! മരുൽപ്പുത്രനായ്-
കോലം മാററിയ മർക്കടന്റെ മൊഴിയാൽ
ഉള്ളററ വീരാത്മജൻ,

ത്വാലംബം ഹരി,യെന്നുരച്ചു, ഹനുമൽ-
പ്പാദം വണങ്ങി,ക്കൃപാ-
ശീലൻ കേശവനോടു ചേൎന്നു തിരികെ-
പ്പോയാൻ, പ്രസന്നാശയൻ. ൪൦

— —(0)——

കൈകേയിയുടെ കൌമാരം

അനപത്യജനാധിപത്യം,
വനവാസം ഭരതപ്രവാസമിവയും,
ഹിതമിട്ടു ശപിച്ചു രാജപത്നീ-
മനമോ, മാമലയോ, കരളുമേറാം? ൧

ബലമന്ഥര ചൊന്ന നീതിധൎമ്മ-
സ്ഖലനം കേട്ടുവളൂടി,യെന്നുവാക്കിൽ,
വിലയില്ല; വിവേകമററ ചിത്തം
പല ചാപല്യമിയന്നിടുന്നതാണേ. ൨

നിരവദ്യ നിസൎഗ്ഗസൌകുമാൎയ്യ-
സ്ഫുരമംഗദ്യുതികൊണ്ടു ശൈശവത്തിൽ
സരസം സതി കേകയക്ഷമാഭൃൽ-
പ്പുരമെന്നുമഹൎന്നിശം വിളക്കി. ൩

കൃതകൃത്യതയാൎന്നു ഭീതജന്മാ-
ൎജ്ജിതപുണ്യകരാശിയാം തനൂജയാളെ
ധൃതകൌതുകമപ്പിതാക്കളെന്നും
ഹിതമാം രീതിയിലോമനിച്ചു പോററി. ൪

അതിലാളനയാൽ ക്രമേണ ദോഷം
പതിയും മക്കളിലെന്ന സൂക്ഷ്മതത്വം
പ്രതിവാസരമോൎമ്മവെച്ചു പൃഥ്വീ-
പതി പിന്നീടുളുകൊണ്ടു കാൎയ്യമുണ്ടോ? ൫

നിരൂപിച്ചു പരമാർത്ഥമൊക്കെയും കൈ-
വരുവാനായ്ച്ചെറുകന്യ വാശികാട്ടും
ഒരുവേളയതിൽത്തന്നെത്തു നിർത്താൻ
കരുതീടും പരിവൃത്തിയില്ല പണ്ടേ. ൬

മെഴുപോലെ കരുപ്പിടിക്കുവാനെ-
പ്പൊഴുതും ബുദ്ധി വശപ്പെടുന്നതാണോ?
മുഴുകും ശുഭശീലമൂന്നിവെപ്പാൻ
അഴകും ബാല്യമൊടുങ്ങിയാൽ പ്രയാസം. ൭

തെളിവായ് നിജ നിഷ്ഠുരസ്വഭാവം
കളിയാടുന്നളവാളിമാർക്കുപോലും,
വെളിവാക്കിടുമക്കുമാരിയാൾക്കു-
ള്ളിളിയിൽ താഴ്മ തരിമ്പുമില്ല കാണ്മാൻ. ൮

നിലയം,നിജ പാഠശാല,ലീലാ-
നില,ലീലകളിൽത്തഴച്ച ശീലം
നിലനിൽക്കു;മതാണു ജീവിതത്തിൻ-
ഫലമാറ്റും തെളിയിച്ചിടുന്നതാർക്കും. ൯

ശ്രുതിപൊങ്ങിയ കേകയേന്ദ്രനക്കാ-
ലതിനായന്നൊരു താപസപ്രവീരൻ,
കൊതിപൂണ്ടെഴുന്നെള്ളി;മാനനീയ-
സ്ഥിതിയിൽ ഭൂപതി സൽക്കരിച്ചിരുന്നു. ൧൦

പരിചര്യകളാൽ പ്രമോദമേന്തി-
പ്പരിചിൽപ്പാവനശീലനായതീശൻ,
പരിപൂർണ്ണ യശഃപ്രകാശസ്വച്ഛ-
ച്ചരിതം വാച്ചിടു,മെന്നനുഗ്രഹിച്ചു. ൧൧

ശ്രവണോത്സവമായിടുന്ന നാനാ-
വിവരം വാഴ്ത്തി രസിപ്പിച്ചിതന്നശേഷം,
അവനീശ്വരനോടു യാത്ര ചൊന്നാ-
ബ്ഭവനം വിട്ടു വെളിക്കിറങ്ങി വിപ്രൻ, ൧൨

ജ്ഞനാൽക്കരളോടണഞ്ഞാത്തപതീ–
കണ്ണാലുമൂഴി വരട്ടിടുന്ന നേരം,
നിന്നവെറുതിന്നു സഞ്ചരിക്കവേ,നെ–
ന്നാന്നവർ മറുനീ ചെവറു സംശയിച്ചു. ൫൦.

മറു ചിന്ത വെടിഞ്ഞു, ഗോപുരത്തിൽ
ചെവറുമറാളപ്രധാനമാക്കിവെച്ചും,
പൊറുതികെടാതെതിട്ടു, പൂർണ്ണസൌഖ്യം
പെറുമാറട്ടു ശയിച്ചു പുണ്യവൃത്തൻ. ൫൧

മലരിൻമണമാവഹിച്ചു, മന്ദാ–
നിലനപ്പാവനശീലനന്തലോടി;
നലമൊടുപചാരമുത്തമന്മാ–
ർക്കലമാരാകിലുമാചരിക്കുമല്ലോ. ൫൨

ഉലകിൽപ്പൂതമാറാതമരക്കെയും താ–
നിലയിൽപ്പെട്ട കബന്ധവിന്ദുപോലെ,
നിലയോട്ടു നടത്തിടുന്ന വീതാ–
കല,നായാശിയരൻ മടങ്ങിമെല്ലെ. ൫൩

കരിമീനൊളിനേത്രകെട്ടിയാടി–
ത്തിരികെപ്പോംവഴി ഗോപുരാങ്കണത്തിൽ
പെരിയൊരു താപസപീതൻ കിടപ്പും–
പ്പരിതോഷമൊത്തു കണ്ടുമുണ്ടു ചെന്നു. ൫൪

ശ്രുതിവംശവരന്നേഴും വിരൂപാ–
കൃതിയെത്തെല്ലു പരിഷ്കരിക്കുവാനായ്,
മതിനേർമുഖി നിശ്ചയിച്ചു,പാപോ–
ന്നതിയിൽ കർക്കബുദ്ധി ചെല്ലുമല്ലോ. ൫൫

അതുതിരത്തോഴിപ്രിയർനന്ദവിതാവ്–
വതു,മെന്നോതിയ തോഴിമാരെയെല്ലാം,
പുതുചാതുര്യസമ്പ്രധാനമായു–
ള്ളൊരുമനോഹരാ,ഖവും നാക്കടക്കിവിട്ടു. ൫൬

അനിയന്ത്രിതകൗതുകം നമുക്കാ-
ത്തമനി നൽകീടണമിപ്പുകർച്ച,യെന്നായ്,
കനിവററവനീന്ദ്രകന്യ,മന്ദം
മുനിവര്യന്റെ മുഖത്തു ചായമിട്ടു! ൧൦

പുരികം പുളവേന്തയായ്, ഫാലം
കരിയായ്, ഗണ്ഡയുഗം ചുകന്നു മിന്നി;
ഹരിരാമ! മഹാശയന്റെ വേഷം
തിരിയാത്താംപടി കാണികൾക്കു തോന്നി! ൧൧

തടവറ്റെഴുമൊരുത്സവത്തിന്നായ്
ഉടനം താപസനെത്തിരിഞ്ഞുനോക്കി,
മടവാർമണിയാ,ളനാദരം കൈ-
പ്പുടകൊട്ടിപ്പരിഹാസമായ്ച്ചിരിച്ചു. ൧൨

മനമാം മണിദർപ്പണത്തിനാ,ലാ-
ന്നനമൊഴുക്കാപ്യമവൻ തെളിഞ്ഞുകാൺകെ,
വിനയാപഗവൃത്തിയോർത്തു ചീർത്തി-
ട്ടിന കോപത്തിക്കവാൽജ്ജ്വലിച്ചു ശിഷ്യൻ. ൧൩

"എടി! പാതകി! നിൻ നിസർഗ്ഗദോ-
ഷമിക്കാട്ടിയ ദുഷ്പ്രവൃത്തി, ദുഷ്ടേ!
അടികൊണ്ടു വളർന്നിടായ്കയാ,ലി-
പ്പടി നീ ധിക്കൃതി കാട്ടുവാൻ തുനിഞ്ഞു. ൧൪

ഗുരുഹേളനമോർക്ക ദുസ്തരാപത്-
ക്കരയാണെന്നു ധരിച്ചിടാത്ത മൂഢേ!
ഒരപായവഴിക്കു ചാടിയാലേ
നരബുദ്ധിക്കു നയം പഠിപ്പതുള്ളൂ. ൧൫

സ്വയമേവ കരാളബുദ്ധിയാൽ നിൻ-
പ്രിയനാശത്തിനു ഹേതുഭൂതയാം നീ!
ഭയഭക്തിവിഹീനയെന്ന ദുഷ്പേ-
രുയരട്ടെ, നിയതം നിനക്കു മേലിൽ!" ൧൬

പിടിവിട്ടൊരിളംകിടാവുപോലെ,
വടികൈവിട്ടൊരു വൃദ്ധനെന്നപോലെ,
കടിലോളുക ശാപവാക്ക കേൾക്കേ-
ത്രുടിതാന്തർമ്മതി നിന്നു നിന്നനില്പിൽ. ൨൭

“മികവേറിയ ശൈശവത്തിലപ്പാ-
ലകതാരിൽപ്പിഴയെന്നെനിക്കു പറ്റി;
പകവിട്ടു തെളിഞ്ഞനുഗ്രഹിച്ചീ-
ടുക വേഗം ഭഗവൻ! കൃപാനിധേ! മാം.”— ൨൮

പദപങ്കജമാനമിച്ചു വാവി-
ട്ടിദമോതീടിന കന്യയോടു മന്ദം,
കദനം കളയുന്നതിന്നു ദിവ്യൻ
സദയം സാന്ത്വനമോതി വെണ്മമട്ടിൽ. ൨൯

സദനത്തിനകത്തു ചെന്നു വേഗം
ഏതോ കർഷകമുഷ്ടിയൊന്നെടുത്തു,
മദമററ മനോഹരാംഗിമാല്യ-
പ്രമനോമസ്സുകൃതിക്കു കാഴ്ചവെച്ചു. ൩൦

ചിരിച്ചു ശുഭൻ നവബന്ധമംഗീ-
കരിച്ചു; കോപപ്രകൃതം ത്യജിച്ചു;
സ്ഫുരിച്ചു കാരുണ്യമൊടീവിധത്തിൽ
ശരിക്കൊരാശിസ്സുമവൾക്കു നൽകി:— ൩൧

“നന്നായിനീ വിവേകമായ,മരപ്രസൂത-
ത്തല്ലേ! വ്യഥനാതനാ-
യെന്നാലംബനതിന്നായിട്ടു വഴി തെളിവായ്-
ത്തന്നാനാമകരത്തിൽ,
എന്നാലും കാരിരുമ്പാണയോരു വിരലുപകാ-
രത്തിനായിട്ടാരാ.”
കെന്നായ് കാരുണ്യസാന്ദ്രസ്മിതമൊടുമവിടം
വിട്ടുപോയാൻ വസിഷ്ഠൻ. ൩൨

കീലംപോലെയൊരിടത്തു തന്റെ വിരലാ-
ലൂന്നി സ്വകാന്തന്നു പിൻ-
കാലം തേരിന്നു താങ്ങലേകി, വരമാ-
ഹാത്മ്യം നമുക്കൊക്കെയും,
നീലക്കാറണിവേണിയാൾ ദശരഥ-
പ്രാണേശി കാണിച്ചൊരാ-
ദ്ധൈര്യവും കഥ പാരിലാർക്കുമറിയാം;—
താഴ്ച്ചയ്ക്കു താനേ ജയം. ൩൩

———0———



ഗുഹൻ

അഥവാ,

രാമനാമം

———

മായാവിലാസമയമാണുലകെന്ന ബോധം
മായാ,തനൂഭവപരപ്പൊരുളോർത്തറിഞ്ഞും,
ആയാസമറ്റ പരിശുദ്ധ തപഃപ്രഭാവ-
ശ്രീയാണ്ടു പണ്ടൊരു തപസ്വി വസിച്ചു പാരിൽ. ൧

കർമ്മപ്രഭാവനിലയാലരികത്തവർക്കും
ശർമ്മം പരത്തി, നെടുതാം കലിവല്ലിമത്തി,
ധർമ്മപ്രചാരവഴി കാട്ടി വിളങ്ങി ദിവ്യൻ;
നിർമ്മത്സരൻ ഗുണി പരോപകാരിയല്ലോ. ൨

വിണ്ണും വസുന്ധരയുമങ്ങൊരുപോലെ; പുല്ലും
പെണ്ണും സമം; കനകവും കളിമണ്ണുമൊപ്പം,
എണ്ണുന്ന ധന്യമതിയാം മുനി; മോക്ഷമാർഗ്ഗം
നണ്ണുന്നവന്നു വിഷയത്തിലിളക്കമുണ്ടോ? ൩

മോഹത്തഴിപ്പു ലവമെന്ന സമാചരിക്കം
ഗാർഹസ്ഥ്യദീക്ഷയൊടു താനതളൂന്നകാലം,
ഉത്കർഷമേകിടുമൊരുണ്ണി പിറന്നു; പുണ്യ-
വ്യൂഹം മനോഹര വപുസ്സാർന്നിടുംപോലെ. ൪

ബുദ്ധിപ്രശക്തി, സമദർശന, സാധുസംഗേ-
സ്ഥായി, സ്ഥിരാത്മത, സുധാകരസൗമ്യഭാവം,
വായിൽ സദാ സുമധുരോക്തി, മുഖപ്രസന്ന-
ശ്രീ,യിത്ഥമുണ്ണിയിലിണങ്ങി ഗുണങ്ങളേറെ. ൫

താരാർമകന്നു മുനിനാരദനെന്നപോലെ,
നേരായ് മഹേശനു ഷണ്മുഖനെന്നപോലെ;
പേരാളിടുന്ന പിതൃമതസമസ്തവിദ്യാ-
സാരാമൃതാംബുധി, സുതൻ, സുതരാം വിളങ്ങി. ൬

താതാക്ഷികൾക്കു നവചന്ദ്രന,മാത്മവിദ്യാ-
മാതാവിനുള്ള വിജയത്തിനു വൈജയന്തി;
ജാതാദരം ജനകനെപ്പരിചര്യ ചെയ്തു,
വീതാകുലം വിലസി, വിശ്രുതനാം കുമാരൻ. ൭

അന്നാളൊരൂഷിപതിയെപ്പിടികൂടുവാനായ്-
ച്ചെന്നാർത്തടുത്തു മടിവിട്ടൊരു ഭീമസന്താപം;
മന്ദാക്ഷമന്നതിനു പാരമുയർന്നു; ഗർവിൻ-
പിന്നാലെ പാറിടുമധോഗതി,യെന്നപോലെ. ൮

ഉത്തുംഗശൈലവപുവാം; ഉദ്ധതദംഷ്ട്ര, കാളി-
കത്തുന്ന ദൃഷ്ടി, കഠിനാക്ഷ, കരാളശബ്ദം,
ഒത്തുള്ള ദാരുണപിശാചനൊഴിഞ്ഞുപോകാ-
തെത്തുന്നു പാന്ഥിവനു പിന്നി,ലിതെന്തു ചിത്രം! ൯

തിങ്ങുന്ന ദുഷ്കൃതിഭയം, നെടുവീർപ്പുതിർത്തു-
വെയ്ക്കുന്ന കാലടികളങ്ങളിൽ താറുമാറായ്;
അക്കാമിനീശനിലയത്തിനിടന്ന, നാലു-
ദിക്കും നടന്നു; ബത! നിഷ്ഫലമപ്രയത്നം! ൰

പ്രത്യക്ഷദൈവമവനീശ്വര,നെന്ന വാക്യം
പ്രത്യക്ഷമാം കരുതിയെന്നുമൊരാൾ നരേന്ദ്രൻ,
കൃത്യം പിഴച്ചു, നയദൂഷണനാകിലുണ്ടോ
ഗത്യന്തരം? വിപദി ധർമ്മതിനിസ്പൃഹായൻ! ൧൧

നാട്ടാരൊരാളുമവനോടനുഭാവമേതും
കാട്ടാതെ, ഭൂപതി കടന്നു വനാന്തരത്തിൽ;
നാട്ടാകിലെന്തു? മുറതെറ്റുകി,ലെറംമണിക്ക
കൂട്ടാക്കുമോ ജനത? ദുഷ്ടന്റെ ദുഃഖലാഭം! ൧൨

ഇങ്ങേൽക്കരൾക്കടിയിലാണ്ടു, മിഴഞ്ഞു, തെറ്റി-
ക്കാണെന്നപോലെ,യഴറിക്കഴിയുന്നനേരം,
ഉ,ന്നതഫലത്തൊടുമങ്കിലം, വിമലം, വിശിഷ്ടം;
കൊണ്ടൽക്കിടയ്ക്കു തെളിയും തടിന്മാലപോലെ. ൧൩

തട്ടിപ്പിരിഞ്ഞു തളരും ചരണങ്ങ,ളയ്യോ!
മുട്ടിച്ചതഞ്ഞു, ചുടുചോര പുരണ്ടു, വാടി;
പൊട്ടിക്കരഞ്ഞു, ഗുഹനാത്മഗതാന്തഭാവം
ഞെട്ടിക്കുമാ,റഹഹ! മണ്ണിലുരുണ്ടുവീണാൻ. ൧൪

ശ്രീപാദമാത്രമനിലത്തണയാതെ, രക്ഷാ-
രൂപം മടിച്ചുവിടെ നിന്നു കറച്ചുരുളം;
ദീപത്തിനെത്തിമിരമെങ്ങു തൊടുന്നു? ദുഷ്ട-
ക്കാപന്നപുണ്യഭുവി കാൽപ്പെരുമാറ്റമുണ്ടോ? ൧൫

മുറ്റത്തു വീണു, മുഖവും മിഴിയും കലങ്ങി-
ത്തെറ്റുന്ന രക്ഷ തരികിക്കണ,മെന്നുരക്കെ,
ഒറ്റയ്ക്കു മഴ്കിടുമിളാപതിയെസ്സമീക്ഷി-
ച്ചുറ്റപ്രിയോക്തി മുനിബാലകനോതി മന്ദം:— ൧൬

ഖേദാതുരം വിഷാദ,മവനീന്ദ്ര! മുറ്റുന്നൊരു,മെ-
ച്ഛേദ്യം ഭുജികണ,മെങ്ങോ, കൃതകർമ്മദോഷം;
ഭേദറ്റ നാകനരകങ്ങളെയുപർമ്മണമായ്-
ത്തീരുന്ന കർമ്മഗതിപോലെ ജഗത്തിലെങ്ങും. ൧൭

ഉണ്ടാമനന്തരസുഖാക്കളിവർക്കു രണ്ടു-
രണ്ടാണു, പാപനിര, മറ്റതു പുണ്യകാണ്ഡം;
കൊണ്ടാടിടേണ്ട പൊരുളാണിതു; കൃത്യമോക്ഷ-
കൊണ്ടാക്കിമിപ്പടിവരാ,മൊടുവിൽക്കലാശം. ൧൮

വാഴുന്നമന്നിവരനന്ത മഹിപ്പു, മേലും
കീഴും മറന്നു പല ദുഷ്കൃതി ചെയ്തമൂലം,
കേഴുന്നതിന്നു,മഹിതാമയ വാർദ്ധിയിങ്കൽ
ആഴുന്നതിന്നുമിടവന്നു ഭവാനിദാനീം. ൧൯

നാനാതരത്തി,ലയി, നിൻ കരണങ്ങളാൽ നീ
താനാചരിച്ച ദുരിതാവലി മൂർത്തിമത്തായ്;
ദീനാനുകമ്പ ലവമില്ലിവനിന്നു നിന്നെ-
ത്തീനാക്കുവാൻ കൊതിയൊടും തുടരുന്നു ഹന്ത! ൨൦

ശോകപ്രരൂഢപ്പടിവരെയും പറിച്ചു നീക്കാൻ
കൈക്കൊണ്ട വസ്തു, സകലോത്തര രാമനാമം
ലോകത്രയൈകശരണമന്ത്ര,മതാരെഴുവട്ടം
ഹേ, കന്മഷാലയ! ജപിക്കുക ഭക്തിപൂർവം." ൨൧

സാരാക്ഷരങ്ങളറിയാതെ പുളച്ച നാവാൽ
ശ്രീരാമനാമമതുപോലവനുച്ചരിക്കെ,
ആ രാക്ഷസാകൃതി മറഞ്ഞു, മഹാന്ധകാരം
സൂര്യാവതാരസമയം മുടിയും കണക്കെ. ൨൨

ആപാതകന്നു, കരളിൽത്തെളിവാർന്നു സാക്ഷാൽ
ശ്രീപത്മനാഭജനപ്രതിപത്തിയെത്തി,
താപം കെടുത്ത വടുവെത്തൊഴുതാനമിച്ചാ-
ബ്ഭൂപൻ തിരിച്ചു തിരുനാടു ഭരിച്ചു ഭദ്രം. ൨൩

ആനന്ദശീല,നനഘാശയ,നബ്ജനാഭ-
ധ്യാനം കഴിഞ്ഞു സുതസന്നിധിയിങ്കലെത്തി;
"ഹീ നല്ലകുഞ്ഞി! വലുതാം കലുഷപ്പരപ്പി-
ന്നൂനം വരുത്തുവതിനോ മന്ത്രമൊന്നുപോരേ? ൨൪

ഉൾക്കാമ്പെഴും കനിവമൃതമടപ്പു മൂടിച്ചു വെണ്ണീ-
റാക്കാൻ കടുത്ത ചുടു തീക്കനലൊത്തവേണം!
ൾക്കൊണ്ടതെന്തിനവമം കരയുന്ന വൈദ്യ-
നാക്കാവതോ ഫലചികിത്സ പരിശ്രമത്താൽ? ൨൫

ദ്രവിഡപുണ്ണിയൊത്ത ജാതനിഷാദനായി-
ട്ടാവിർഭവിക്ക,മതിനാൽച്ചരിതാർത്ഥനാം നീ;
ആ വിശ്വനാഥപദപൂജനവൃത്തി നിന്റെ-
ഭാവിക്കു പൂർണ്ണതവരുത്തുകെന്നതു ലക്ഷ്യമല്ലോ. ൨൬

ത്രേതായുഗത്തിലിനവംശജനായ് പ്രസിദ്ധ-
ഭ്രാതാക്കളൊത്തുരഗതല്പശയൻ പിറക്കും;
താതാജ്ഞയാലവനടവീനിവാസം
സീതാസഹോദരസമന്വിതമൊത്തു കൂടും. ൨൭

പ്രീണിച്ചു കാനനമണഞ്ഞിടുമപ്പുമാനെ-
ത്തോണിക്കകത്തു 'തമസാ'നദി നീ കടത്തും;
ക്ഷോണിക്ക മംഗളമുയർത്തിടു,മാ നിശാട-
ശ്രേണിക്കപായമുളവാക്കി, മടങ്ങുമീശൻ. ൨൮

ചിന്നുന്ന ഭക്തിയൊടു രാമപദാർച്ചനത്തി-
ന്നന്നും നിനക്കിടവരും; കൃതകൃത്യനാം നീ;
എന്നും തപോധനകലാർണ്ണവ പൂർണ്ണചന്ദ്ര-
നെന്നുള്ള പുണ്യമഹിമാവുമിയന്നിടും നീ." ൨൯

ഉണ്ണിക്കീവണ്ണമച്ഛൻ തെളിവോടു കമലാ-
കാന്തനെ സ്വാന്തമദ്ധ്യേ
നണ്ണി,ജ്ഞാനാർത്ഥസിദ്ധിക്കവിരളമുതകും-
ശാപമോക്ഷങ്ങളേകി;
ഖണ്ഡിക്കാ,തക്കുമാരൻ "ഗുഹ"നതു വഴിയായ്-
'ശൃംഗിവേര'ത്തിലാർന്നാൻ;
വർണ്ണിച്ചിട്ടുണ്ടു രാമായണകഥയിലതിൽ-
പിന്നെയുണ്ടായതെല്ലാം. ൩൦

———o———



ആഞ്ജനേയശമം.

അകന്നുഴന്നാധി വളർന്നൊരദ്രീ-
ശകലങ്ങൾ രണ്ടും നിലയൊന്നു മാററി,
പുകഴ്ന്ന ലങ്കാപുരമാനനാന്തം
പുകച്ചുപോന്നാൻ പവമാനസൂനു. ൧

കരപ്രതാപക്കനലിങ്കലൊററ-
ശ്ശൂരക്കരപ്പാററകളായ് കരിച്ചും,
കരങ്കകം പംക്തിമുഖന്റെ താമാ-
ശ്ശൂരപ്രഭാവം മെലവുന്നിവച്ചും; ൨

കടുത്ത കർമ്മപ്പിഴകൊണ്ടു തങ്ങൾ-
ക്കടുത്തിതത്യാപത്തിതെന്ന ബോധം
കൊടുത്തരക്ഷഃസ്ത്രീമനാലീലം
കെടുത്തുമുന്നിദ്രഭയം വിതച്ചും; ൩

നിശാടിമാർ ചൂഴമിഴുക്കുകേണും,
ദശാസ്യനോടായ്ക്കരഞ്ഞുഴന്നും,
ദുശാന്തയാം ഭൂമിജയാംഗ്ഗ മുഖാ-
പ്രശാന്തി ചെത്തുന്ന കൃതാത്മനായും; ൪

നിറഞ്ഞ സൈന്യത്തൊടുമംബുധിക്ക-
പ്പുറം വിളങ്ങും രഘുനാഥവാസം,
കുറച്ചു ലാക്കാക്കി, വിയത്തിലൂടെ-
പ്പറന്നു ശീഘ്രം പ്ലവഗപ്രവീരൻ. (കുളകം) ൫

അനന്യസാധാരണകീർത്തിസമ്പാ-
ദനം വളർത്തുന്നില ദർപ്പശീലം;
മനസ്സിലോരോന്നു നിനച്ചു മാർഗ്ഗാ-
ഗമനത്തിലുണ്ടായിതു മാനസികം:— ൬

“ജനിപ്പതായോ, ഛലിമാനുഷത്താ-ം
തനിച്ചു കാട്ടേണ്ടതു ജന്മധർമ്മം;
എനിക്കു ജന്മം സഫലീഭവിച്ചാ-
നിനിത്തുലഞ്ഞാകിലുമില്ല ഖേദം. ൭

ആലംബ ധരിത്രീവലയത്തിനും, മൽ-
ക്കുലത്തിനും, ഭാരതസ്ത്രീകൾക്കുമൊപ്പം,
അലംകൃതിക്കുള്ളൊരമൂല്യരത്നം
